
# എന്തുകൊണ്ട് ബറാക് ഒബാമയെ പിന്തുണക്കുന്നു?

● ടി.കെ ഇബ്റാഹീം ടൊറണ്ടോ




**ബറാക്** ഒബാമ അമേരിക്കൻ പ്രസിഡന്റായാലും ഇല്ലെങ്കിലും, ഉദ്വേഗം ജനിപ്പിക്കുന്ന വേറിട്ട വ്യക്തിത്വമായിത്തീരാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഏക വൻശക്തിയെന്ന നിലയിൽ അമേരിക്കയെക്കുറിച്ചും അത് അഗാധമായി സ്വാധീനിക്കുന്ന അഭിനവലോകത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ചിന്തകളും വീക്ഷണങ്ങളും നിരീക്ഷണങ്ങളും അറിയുക പ്രസക്തവും സന്ദർഭോചിതവും താൽപര്യജനകവുമായിരിക്കും- അദ്ദേഹം അമേരിക്കൻ പ്രസിഡന്റാകാനുള്ള സാധ്യത വർധിച്ചുവരുമ്പോൾ വിശേഷിച്ചും.

ഈയിടെ പുറത്തിറങ്ങിയ *ന്യൂയോർക്ക് ടൈംസ്* ബെസ്റ്റ് സെല്ലറായ തന്റെ പുസ്തകത്തിൽ (The Audacity of Hope-*പ്രതീക്ഷയുടെ ധാർഷ്ട്യം*) അദ്ദേഹം തന്റെ വീക്ഷണങ്ങളും ചിന്തകളും വിശദമായ പ്രതിപാദിച്ചിട്ടുണ്ട്. അമേരിക്കയിലെ ഏറ്റവും പ്രചാരവും സ്വാധീനവുമുള്ള പത്രങ്ങളായ *വാഷിംഗ്ടൺ പോസ്റ്റ്, ലോസ് ഏഞ്ചൽസ് ടൈംസ്, ചിക്കാഗോ ട്രൈബ്യൂൺ, ന്യൂയോർക്ക് ടൈംസ്* എല്ലാം പുസ്തകത്തെ വാനോളം പുകഴ്ത്തി. അമേരിക്കൻ രാഷ്ട്രീയക്കളരിയിലെ ഭീമന്മാരിൽ അധികപേർക്കുമില്ലാത്ത ഒരു പ്രത്യേക സിദ്ധി ഒബാമക്കുണ്ട്- സങ്കീർണ വിഷയങ്ങൾ സരസമായും ലളിതമായും എഴുതി അവതരിപ്പിക്കാനുള്ള കഴിവ്. ലോകത്തിന്റെയും അമേരിക്കയുടെയും ബഹുമുഖ പ്രശ്നങ്ങൾ കൈയാളുന്ന *പ്രതീക്ഷയുടെ ധാർഷ്ട്യം* ഒരു നോവൽ പോലെ വായിച്ചുതീർക്കാം. അദ്ദേഹം മുമ്പെഴുതിയ, മറ്റൊരു *ന്യൂയോർക്ക് ടൈംസ്* ബെസ്റ്റ് സെല്ലറായ Dreams from My Father (*എന്റെ പിതാവിൽനിന്നുള്ള സ്വപ്നങ്ങൾ*) എന്ന ഗ്രന്ഥവും ആകർഷകമായി എഴുതാനുള്ള അദ്ദേഹത്തിന്റെ കഴിവ് വെളിപ്പെടുത്തുന്നു.


## ഒബാമയും അമേരിക്കയും ലോകവും

ഇന്തോനേഷ്യയിലെ ജീവിതവും പഠനവും കെനിയയുമായുള്ള കുടുംബബന്ധങ്ങളും അമേരിക്കൻ മുസ്‌ലിംകളുമായുള്ള അടുത്ത സമ്പർക്കവും സ്നേഹബന്ധവും സെനറ്ററെന്ന നിലക്കുള്ള യാത്രകളും (വിശിഷ്യാ മുസ്‌ലിം നാടുകളിലേക്ക്), അമേരിക്കയെയും ലോകത്തെയും തീർത്തും ഭിന്നമായ ഒരു കോണിലൂടെ നോക്കിക്കാണാൻ ഒബാമയെ സഹായിച്ചു. അമേരിക്കൻ അധിനിവേശത്തിന് ശേഷം രണ്ടു പ്രാവശ്യം അദ്ദേഹം ഇറാഖ് സന്ദർശിച്ചിരുന്നു. മുസ്‌ലിം നാടുകളെക്കുറിച്ചും മുസ്‌ലിം സംസ്കാരത്തെക്കുറിച്ചും മുസ്‌ലിം പ്രശ്നങ്ങളെക്കുറിച്ചും നല്ല പിടിപാടുണ്ട്

അദ്ദേഹത്തിന്. മറ്റൊരു അമേരിക്കൻ രാഷ്ട്രീയ നേതാവിനും അവകാശപ്പെടാനാവാത്ത അനുഭവസമ്പത്താണിത്.

ഒബാമയുടെ വീക്ഷണം ഇങ്ങനെ സംഗ്രഹിക്കാം: അമേരിക്ക ലോക വൻശക്തിതന്നെ. സൈനിക, സാമ്പത്തിക, ശാസ്ത്ര, സാങ്കേതിക, ധൈഷണിക മേഖലയിൽ അമേരിക്കയെ വെല്ലുന്ന ഒരു ശക്തിയും ഇന്ന് ലോകത്തില്ല. അതിൽ അമേരിക്കക്കാർക്ക് അഭിമാനം കൊള്ളാം (അദ്ദേഹവും അഭിമാനം കൊള്ളുന്നു). പക്ഷേ, അമേരിക്കയുടെ ശക്തിയും പ്രൗഢിയും നേട്ടങ്ങളും അമേരിക്കയുടെയും ലോകത്തിന്റെയും പുരോഗതിക്കും നന്മക്കും സഹായകമാകണം. ഒരു സാമ്രാജ്യത്വശക്തിയായി ലോകത്തെ വിഴുങ്ങാൻ അമേരിക്ക ഒരുമ്പെടരുത്. അത് അമേരിക്കയുടെ പതനത്തിന് വഴിവെക്കും. ബുഷ് ഭരണകൂടത്തിന്റെ സാമ്രാജ്യത്വനയങ്ങൾ ആത്മഹത്യാപരമാണ്. ജോൺ കെന്നഡിയെ പോലുള്ള നല്ലവരായ മുൻ അമേരിക്കൻ പ്രസിഡന്റുമാരുടെ നയത്തിനെതിരാണത്. ജനാധിപത്യത്തിന് സ്വയം മാതൃകയാവുകയല്ലാതെ, അന്യ രാജ്യങ്ങളുടെ മേൽ ജനാധിപത്യം അടിച്ചേൽപിക്കുന്ന നയം മുമ്പാരും പിന്തുടർന്നിട്ടില്ല. അത് അപകടകരവും പ്രതിലോമപരവുമാണ്.

*"ഞാൻ ജനിച്ച വർഷം"* ഒബാമ എഴുതുന്നു: "പ്രസിഡന്റ് കെന്നഡി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പ്രഖ്യാപിച്ചു: 'ഭൂഗോളത്തിന്റെ പകുതി ഭാഗത്ത് ദാരുണമായ ജീവിതാവസ്ഥകളോട് മല്ലിടുന്ന, കുടിലുകളിലും കുഗ്രാമങ്ങളിലും ജീവിക്കുന്ന ജനങ്ങൾക്ക് നാം നമ്മുടെ ഏറ്റവും നല്ല ശ്രമങ്ങൾ വാഗ്ദാനം ചെയ്യുന്നു- അവരെ സ്വാശ്രയരാക്കാൻ, അതെത്ര കാലം പിടിച്ചാലും. കമ്യൂണിസ്റ്റുകൾ അത് ചെയ്യുന്നുണ്ടാവാമെന്നതു കൊണ്ടല്ല, നാമവരുടെ വോട്ടുകളിൽ കണ്ണുനട്ടത് കൊണ്ടുമല്ല; പ്രത്യുത അതാണ് ശരി എന്നതുകൊണ്ട് മാത്രം. ഒരു സ്വതന്ത്ര സമൂഹത്തിന് അതിലെ ഒട്ടേറെ ദരിദ്രരെ സഹായിക്കാൻ കഴിയില്ലെങ്കിൽ അതിലെ തുലോം കുറഞ്ഞ ധനികരെ രക്ഷിക്കാനാവില്ല. നാൽപത്തഞ്ച് വർഷത്തിനു ശേഷവും ആ കടുത്ത ദാരുണാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. നമുക്ക് കെന്നഡിയുടെ വാഗ്ദാനം പൂർത്തീകരിക്കണമെന്നുണ്ടെങ്കിൽ, നമ്മുടെ ദീർഘകാല സുരക്ഷാതാൽപര്യങ്ങൾ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ, കേവലം സൈനികശക്തിയുടെ ഉപയോഗത്തിനപ്പുറം പോവേണ്ടതുണ്ട്."




**ഇന്തോനേഷ്യയിലെ ജീവിതവും പഠനവും കെനിയയുമായുള്ള കുടുംബബന്ധങ്ങളും അമേരിക്കൻ മുസ്‌ലിംകളുമായുള്ള അടുത്ത സമ്പർക്കവും സ്നേഹബന്ധവും സെനറ്ററെന്ന നിലക്കുള്ള യാത്രകളും (വിശിഷ്യാ മുസ്‌ലിം നാടുകളിലേക്ക്), അമേരിക്കയെയും ലോകത്തെയും തീർത്തും ഭിന്നമായ ഒരു കോണിലൂടെ നോക്കിക്കാണാൻ ഒബാമയെ സഹായിച്ചു. മുസ്‌ലിം നാടുകളെക്കുറിച്ചും മുസ്‌ലിം സംസ്കാരത്തെക്കുറിച്ചും മുസ്‌ലിം പ്രശ്നങ്ങളെക്കുറിച്ചും നല്ല പിടിപാടുണ്ട് അദ്ദേഹത്തിന്. മറ്റൊരു അമേരിക്കൻ രാഷ്ട്രീയ നേതാവിനും അവകാശപ്പെടാനാവാത്ത അനുഭവസമ്പത്താണിത്.**

സമാധാന പൂർണവും നിയമവിധേയവുമായ മാർഗങ്ങളിലൂടെ മാത്രം ലോകമെങ്ങും ജനാധിപത്യം വ്യാപിപ്പിക്കാനും അമേരിക്ക അതിന് മാതൃകയാവാനും പ്രായോഗിക പദ്ധതികൾ ആവിഷ്കരിച്ച മറ്റൊരു മുൻ പ്രസിഡന്റ് വുഡ്രോ വിൽസനെയും ഒബാമ തന്റെ വാദത്തിന് ഉപോൽബലകമായി ഉദ്ധരിക്കുന്നു. അതെല്ലാം കാറ്റിൽ പറത്തിയാണ് കഴിഞ്ഞ എട്ടു വർഷമായി ബുഷും റിപ്പബ്ലിക്കൻ പാർട്ടിയും നീങ്ങുന്നതെന്ന് ഒബാമ അമേരിക്കൻ ജനതയെ ഓർമിപ്പിക്കുന്നു.

ഈ സാമ്രാജ്യത്വവിരുദ്ധ നയപരിപാടിയുടെ അടിസ്ഥാനത്തിലാണ് ഒബാമ ഇറാഖ് യുദ്ധത്തിനെതിരെ നിലകൊണ്ടത്. അക്കാര്യത്തിൽ ഒരിക്കലും അദ്ദേഹത്തിന്റെ കാലിടറിയില്ല. സദ്ദാം ഹുസൈൻ ക്രൂരനും ഏകാധിപതിയുമാണെങ്കിലും, സദ്ദാം അമേരിക്കക്ക് പെട്ടൊന്നൊരു ഭീഷണിയല്ലെന്ന് ഒബാമ സമർഥിച്ചു. ഉസാമാ ബിൻലാദിനുമായോ അൽഖാഇദയുമായോ സദ്ദാമിന് ബന്ധമില്ല. സെപ്റ്റംബർ പതിനൊന്നിലെ ന്യൂയോർക്ക് ആക്രമണങ്ങളിൽ സദ്ദാമിന് പങ്കില്ല. സർവനാശീകരണായുധ കഥ യുദ്ധം ന്യായീകരിക്കാൻ മിനഞ്ഞെടുത്തതാണ്... ഒബാമയുടെ ഇത്തരം നിലപാടുകൾ എതിരാളികളെ ശുണ്ഠി പിടിപ്പിച്ചു. ഭീകരതയോട് മൃദു സമീപനം (Soft on Terrorism), അമേരിക്കത്വം ഇല്ലാത്തവൻ (Un-American) തുടങ്ങിയ വിശേഷണങ്ങൾ തൽഫലമായി ചാർത്തിക്കിട്ടുകയും ചെയ്തു.

ഇറാഖ് ആക്രമണത്തിന്റെ സാധുതയെ അദ്ദേഹം ചോദ്യം ചെയ്തു: "എന്തിന് ഇറാഖ് ആക്രമിക്കണം? എന്തുകൊണ്ട് കൊറിയയെ, ബർമയെ ആക്രമിക്കുന്നില്ല? ബോസ്നിയയിൽ ഇടപെട്ടതെന്തുകൊണ്ട്, ദാർഫൂറിൽ ഇടപെടാതെ? എവിടെയെങ്കിലും ഒരു സ്വേഛാധിപതി തന്റെ ജനങ്ങളെ അടിച്ചമർത്തുമ്പോഴൊക്കെ ശക്തിയുപയോഗിക്കാൻ നാമേറ്റിട്ടുണ്ടോ? ജനാധിപത്യം വേരുപിടിക്കാൻ എത്ര കാലം കാത്തിരിക്കേണ്ടിവരും? സാമ്പത്തികമായി സ്വതന്ത്ര നയം സ്വീകരിക്കുകയും രാഷ്ട്രീയമായി എതിർദിശയിൽ സഞ്ചരിക്കുകയും ചെയ്യുന്ന ചൈനയെ എത്ര കാലം പൊറുപ്പിക്കും? എല്ലാ വിഷയങ്ങളിലും നാം ഐക്യരാഷ്ട്രസഭയിലൂടെ കാര്യങ്ങൾ നീക്കുന്നുണ്ടോ, അതല്ല നാം എടുത്തു കഴിഞ്ഞ തീരുമാനങ്ങൾ യു.എൻ സ്ഥിരീകരിക്കുമ്പോൾ മാത്രമാണോ അതുമായുള്ള നമ്മുടെ സഹകരണം?"

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അമേരിക്കൻ ജനതക്കറിയില്ലെന്നും അദ്ദേഹം എഴുതുന്നു. വ്യക്തമായ ഒരു സ്ട്രാറ്റജിയുടെ അഭാവത്തിൽ, അമേരിക്കക്ക് അതിന്റെ നീക്കങ്ങൾക്കുള്ള നിയമസാധുത (legitimacy) നഷ്ടപ്പെടുമെന്നും ഒബാമ ഓർമിപ്പിക്കുന്നു. ഡമോക്രസി വിദേശത്തേക്ക് കയറ്റിയയക്കാനുള്ള ബദ്ധപ്പാടിൽ, സ്വന്തം ജനതക്ക് ഡമോക്രസിയും സ്വാതന്ത്ര്യ മൂല്യങ്ങളും നഷ്ടപ്പെടുത്തുന്ന പരുവത്തിലാണ് ബുഷ് ഭരണകൂടം എത്തിപ്പെട്ടിട്ടുള്ളതെന്ന് കുറ്റപ്പെടുത്തുന്നു. "ഏതൊരു ദർശനങ്ങൾ നാം സമുദ്രങ്ങൾക്കക്കരക്ക് കയറ്റുമതി ചെയ്യുമെന്ന് വാഗ്ദാനം ചെയ്തുവോ, അതേ ആദർശങ്ങളോട് സ്വന്തം നാട്ടിൽ നാം വിശ്വാസവഞ്ചന ചെയ്യുന്നു."

അമേരിക്ക അകത്തും പുറത്തും ഇന്നനുഭവിക്കുന്ന ദുർഗതിക്ക് കാരണം സമ്രാജ്യത്വ ദുർമോഹമാണെന്നും കൂടു

തൽ മാനുഷികവും ഹിംസാരഹിതവും സമാധാനാധിഷ്ഠിതവുമായ ഒരു നയതന്ത്രം മാത്രമേ അമേരിക്കയെയും ലോകത്തെയും രക്ഷിക്കുകയുള്ളൂവെന്നും ഒബാമ വിശ്വസിക്കുന്നു.

ബുഷിന്റെ വിദേശനയത്തിലെ സാമ്രാജ്യത്വ താൽപര്യങ്ങൾ അമേരിക്കയെ സാമ്പത്തികമായും ധാർമികമായും പാപ്പരാക്കുകയാണെന്ന് ഒബാമ കുറ്റപ്പെടുത്തുന്നു. ഡമോക്രാറ്റായ ക്ലിന്റൻ പ്രസിഡന്റായിരുന്നപ്പോൾ അമേരിക്ക ശേഖരിച്ച വൻ മിച്ച സമ്പത്ത് യുദ്ധത്തിനും മറ്റുമായി ചെലവഴിച്ചു. അമേരിക്കക്ക് 9 ട്രില്ല്യന്റെ കടം (ഓരോ അമേരിക്കക്കാരനും ഏകദേശം മുപ്പതിനായിരം ഡോളർ കടം) വരുത്തിയ മുടിയനായ പുത്രനായി ബുഷിനെ ചിത്രീകരിക്കുന്നു. ചൈനീസ് ബാങ്കുകളാണ് ഇപ്പോൾ ഈ കടം താങ്ങിനിർത്തുന്നത്. അത് അധികകാലം തുടരുകയില്ല. അടിസ്ഥാനപരമായ മാറ്റം വരുത്തിയില്ലെങ്കിൽ അമേരിക്കൻ സമ്പദ്ഘടന തകരും.

## മുതലാളിത്തം

സാമ്പത്തിക വിഷയത്തിൽ ഒരു കാപിറ്റലിസ്റ്റ് തന്നെയാണ് ഒബാമയും. സോവിയറ്റ് റഷ്യയുടെ പതനത്തെ ഒരു സിദ്ധാന്തത്തിന്റെ തകർച്ചയായാണ് അദ്ദേഹം കാണുന്നത്. തുറന്ന കമ്പോളത്തിന്റെ വക്താവാണ് അദ്ദേഹം. അതേയവസരം കാപിറ്റലിസത്തിന്റെ തിന്മകളെ അദ്ദേഹം നിരാകരിക്കുന്നു. നല്ലവനും ഉദാരമനസ്കനുമായ മുതലാളി നാട്ടിന് നന്മയേ വരുത്തൂ എന്ന് അദ്ദേഹം കരുതുന്നു. ഉദാഹരണമായി എടുത്തു കാട്ടുന്നത് ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ സമ്പന്നനായ വാറൻ ബഫ്ഫറ്റിനെ. ബഫ്ഫറ്റ് ഒബാമയെ തന്റെ ഓഫീസിലേക്ക് ക്ഷണിച്ചു; ബുഷ് ഭരണകൂടത്തിന്റെ നികുതി വെട്ടികുറക്കുന്ന നയം ചർച്ച ചെയ്യാൻ. ഒബാമ പോയി. ഈ പണക്കാരന്റെ ഓഫീസ് വളരെ സാധാരണമായിരുന്നു. ഇപ്പോഴും അദ്ദേഹം 1967 -ൽ വാങ്ങിയ അതേ വീട്ടിൽ താമസിക്കുന്നു. അദ്ദേഹത്തിന്റെ കുട്ടികൾ സാധാരണ പബ്ലിക് സ്കൂളിൽ പോവുന്നു. വാഷിംഗ്ടണിലെ സാമ്പത്തികനയം ഉള്ളവരെ കൂടുതൽ ഉള്ളവരും ഇല്ലാത്തവരെ കൂടുതൽ ഇല്ലാത്തവരുമാക്കുന്നതാണെന്ന് അദ്ദേഹം ഒബാമക്ക് വിശദീകരിച്ചു കൊടുത്തു. പണക്കാർ പണക്കാരാവുന്നത് അവർ ജീവിക്കുന്ന സമൂഹം അവർക്കുണ്ടാക്കിക്കൊടുക്കുന്ന സന്ദർഭങ്ങളിലൂടെയാണ്. ആയതിനാൽ അവർ സമൂഹത്തോട് ബാധ്യസ്ഥരാണ്. അവരനുഭവിച്ച ആനുകൂല്യങ്ങൾക്ക് പകരമായി അവർ സമൂഹത്തെ സഹായിക്കണം. ജീവിതായോധന മത്സരത്തിൽ തളർന്നുവീഴുന്നവരെ താങ്ങി നിർത്തണം. കൂടിക്കാഴ്ച അവസാനിക്കും മുമ്പ് ഒബാമ അദ്ദേഹത്തോട് ചോദിച്ചു: 'അമേരിക്കൻ കോടീശ്വരന്മാരിൽ എത്ര പേർ താങ്കളുടെ വീക്ഷണങ്ങളോട് യോജിക്കും?'

അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: "വളരെപ്പേരില്ല. അവരുടെ ചിന്ത ഇതവരുടെ പണമാണെന്നാണ്. അതിന്റെ ഓരോ പെനിയും സൂക്ഷിക്കാൻ അർഹരാണവർ. പക്ഷേ, ബഹുജനങ്ങളുടെ നിക്ഷേപമാണ് നമ്മുടെ ഇന്നത്തെ ജീവിതരീതിയിലേക്ക് നയിച്ചതെന്നവർ ചിന്തിക്കുന്നില്ല. ഉദാഹരണമായി എന്നെ എടുക്കുക. മൂലധനം ശേഖരിക്കാനുള്ള ബുദ്ധികൗശലം എനിക്കുണ്ടായി. പക്ഷേ, ആ ബുദ്ധികൗശലം ഉപയോഗിക്കാനുള്ള എന്റെ കഴിവ് പൂർണമായും ഞാൻ ജനിച്ചുവീണ സമൂഹത്തെ ആശ്രയിച്ചിരിക്കുന്നു. വേട്ടക്കാരുടെ ഒരു ഗോത്രത്തിലായിരുന്നു ഞാൻ ജനിച്ചതെങ്കിൽ എന്റെ ആ ബുദ്ധികൗശലം നിരർഥകമായേനെ..."

"സമൂഹം എന്റെ ബുദ്ധികൗശലത്തെ വിലമതിക്കുന്ന ഒരു സമയത്തും സ്ഥലത്തും ജനിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. എന്റെ ബുദ്ധികൗശലം വികസിപ്പിക്കാനുള്ള വിദ്യാഭ്യാസം ആ സമൂഹം എനിക്ക് നൽകി; ഞാനിഷ്ടപ്പെട്ടത് ചെയ്യാൻ അനുകൂലമായ നിയമങ്ങളും. സാമ്പത്തിക വ്യവസ്ഥയും അത് സംഘടിപ്പിച്ചു. നന്നെച്ചുരുങ്ങിയത് ഞാൻ ചെയ്യേണ്ടത് അതിനൊക്കെ പ്രത്യുപകാരം ചെയ്യുകയാണ്" (പേജ് 191).

സമൂഹതാൽപര്യവും വരും തലമുറകളുടെ താൽപര്യവും നമ്മുടെ താൽക്കാലിക സ്വാർഥതാൽപര്യങ്ങളെ കവച്ചുവെക്കാൻ കഴിയണമെന്നും ആ ആവേശമാണ് വാറൻ ബഫ്ഫറ്റിന്റെ വാക്കുകളിൽ മുഴങ്ങുന്നതെന്നും ഒബാമ തുടർന്നു പറയുന്നു.

പൊതുതാൽപര്യത്തിലും സാമൂഹികനീതിയിലും സമ്പത്തിന്റെ കൂടുതൽ നീതിപൂർവകമായ വിതരണത്തിലും അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥയാണ് അമേരിക്കക്ക് ഒബാമ വിഭാവനം ചെയ്യുന്നത്. എല്ലാ ചോദ്യങ്ങൾക്കും തന്റെ പക്കൽ ഉത്തരമില്ലെന്ന് സവിനയം സമ്മതിക്കുന്ന ഒബാമ പല രംഗങ്ങളിലും മാറ്റത്തിനുള്ള പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കുന്നുമുണ്ട്.

## തേജോവധം ചെയ്യാൻ ശ്രമം

അമേരിക്കൻ മീഡിയയും രാഷ്ട്രീയ പ്രതിയോഗികളും ചേർന്ന് ഒബാമയെ തേജോവധം ചെയ്യാൻ ആസൂത്രിതമായി ശ്രമിക്കുകയുണ്ടായി. ഒബാമ ഇരുപത് വർഷമായി പോവുന്ന ചർച്ചിലെ പുരോഹിതൻ ജർമായ റൈറ്റ്, തന്റെ സുവിശേഷ പ്രസംഗത്തിനിടയിൽ പറഞ്ഞു: "നിങ്ങൾ മറ്റുള്ളവരോട് ഭീകരത കാട്ടിയാൽ അവരിങ്ങോട്ടും ഭീകരത കാട്ടുന്നത് ഒഴിവാക്കാനാവില്ല". ആ പ്രസംഗത്തിലൂടെ ഭീകരപ്രവർത്തകരെ അദ്ദേഹം ന്യായീകരിക്കുകയാണെന്ന് മീഡിയ വ്യാഖ്യാനിച്ചു. പിന്നെ പൊടിപ്പും തൊങ്ങലും വെച്ച് റൈറ്റിനെതിരെയുള്ള പ്രചണ്ഡമായ പ്രചാരവേലയായി, ഒപ്പം ഒബാമക്കെതിരെയും. റൈറ്റ്, ഒബാമ പോവുന്ന ചർച്ചിലെ പാതിരി ആയതാണ് കാരണം. ഒബാമ എന്തുകൊണ്ട് അദ്ദേഹത്തെ എതിർത്തില്ല, റൈറ്റിനെപ്പോലെ അദ്ദേഹവും ഭീകരവാദികളെ അനുകൂലിക്കുകയല്ലേ എന്നിങ്ങനെ പോയി ആരോപണങ്ങൾ.

അത്തരം തേജോവധശ്രമങ്ങൾ അതീജവിച്ചാണ് ഒബാമയുടെ പ്രയാണം. വോട്ടിനും വൈറ്റ് ഹൗസിലെ സീറ്റിനും വേണ്ടി അടിയറ വെക്കേണ്ടതല്ല മൂല്യങ്ങൾ എന്ന് അദ്ദേഹം കരുതുന്നു. *പ്രതീക്ഷയുടെ ധാർഷ്ട്യം* എന്ന പുസ്തകത്തിലെ രണ്ടാമധ്യായം മൂല്യങ്ങളെക്കുറിച്ച ചർച്ചയാണ്. രണ്ടു നൂറ്റാണ്ട് മുമ്പു നടന്ന 'സ്വാതന്ത്ര്യ പ്രഖ്യാപന'ത്തിലെ അടിസ്ഥാന പ്രമാണം അദ്ദേഹം ഉദ്ധരിക്കുന്നു: "ഈ സത്യങ്ങൾ സ്വയം വ്യക്തമാണെന്ന് നാം വിശ്വസിക്കുന്നു. അതായത് എല്ലാ മനുഷ്യരും സമന്മാരായാണ് സൃ

**സദ്ദാം ഹുസൈൻ ക്രൂരനും ഏകാധിപതിയുമാണെങ്കിലും, സദ്ദാം അമേരിക്കക്ക് പെട്ടൊന്നൊരു ഭീഷണിയല്ലെന്ന് ഒബാമ സമർഥിച്ചു. ഉസാമാ ബിൻലാദിനുമായോ അൽഖാഇദയുമായോ സദ്ദാമിന് ബന്ധമില്ല. സെപ്റ്റംബർ പതിനൊന്നിലെ ന്യൂയോർക്ക് ആക്രമണങ്ങളിൽ സദ്ദാമിന് പങ്കില്ല. സർവനശീകരണായുധ കഥ യുദ്ധം ന്യായീകരിക്കാൻ മിനഞ്ഞെടുത്തതാണ്... ഒബാമയുടെ ഇത്തരം നിലപാടുകൾ എതിരാളികളെ ശുണ്ഠി പിടിപ്പിച്ചു.**



*മാർട്ടിൻ ലൂഥർ കിംഗ്*



*വുഡ്രോ വിൽസൺ*



*കെന്നഡി*



*വാറൻ ബഫ്ഫറ്റ്*

ഷ്ടിക്കപ്പെട്ടത്. അനിഷേധ്യമായ ചില അവകാശങ്ങൾ അവരുടെ സ്രഷ്ടാവ് അവർക്ക് നൽകിയിട്ടുണ്ട്. ജീവിതം, സ്വാതന്ത്ര്യം, സൗഭാഗ്യം നേടാനുള്ള ശ്രമം എന്നിവ ആ അവകാശങ്ങളിൽ പെടുന്നു"(പേജ് 69). ഇത് ഉദ്ധരിച്ചുകൊണ്ട് അമേരിക്കൻ ജനതയെ ആ മൂല്യങ്ങളിലേക്ക് മടങ്ങാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ആ മൂല്യങ്ങൾ സ്വായത്തമാക്കാനും അവയുടെ ഉത്തമ ഫലമനുഭവിക്കാനും അമേരിക്കക്കാർക്കും ലോകജനതക്കും അവസരമുണ്ടാവണമെന്നാണ് അദ്ദേഹത്തിന്റെ അഭിലാഷം.

"മൂല്യങ്ങൾ ഏറ്റവും കൂടുതൽ നഷ്ടമായ രംഗം രാഷ്ട്രീയമാണ്. അവിടെ മൂല്യങ്ങളിലുറച്ചുനിൽക്കുന്നവർ വളരെ വിരളം. വോട്ടിനും തെരഞ്ഞെടുപ്പ് വിജയത്തിനുംവേണ്ടി പ്രതിയോഗിയെ ചെകുത്താനാക്കി ഇടിച്ചുതാഴ്ത്താൻ വരെ ലജ്ജയില്ലാത്തവർ. ഈ മൂല്യരാഹിത്യം അവസാനിക്കുമെന്ന് പ്രത്യാശിക്കുന്നു. ബഹുഭൂരിപക്ഷം അമേരിക്കക്കാരും തങ്ങളുടെ ജീവിതത്തിലും രാഷ്ട്രത്തിന്റെ ജീവിതത്തിലും മുഖ്യമായി ഗണിക്കുന്ന തത്ത്വങ്ങളും മാതൃകകളുമായിരിക്കണം നമ്മുടെ രാഷ്ട്രീയത്തിന്റെ മർമം. ബജറ്റുകൾ, പ്രോജക്റ്റുകൾ, നിയമവ്യവസ്ഥകൾ, ഭരണനയങ്ങൾ തുടങ്ങി എല്ലാറ്റിന്റെയും മർമം അതായിരിക്കണം" (പേജ് 52).

കുട്ടികളെയും യുവാക്കളെയും വഴി തെറ്റിക്കുകയും അവരെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാക്കുകയും ചെയ്യുന്ന ടെലിവിഷൻ പരിപാടികളെ അദ്ദേഹം നിശിതമായി വിമർശിക്കുന്നു.

## വർണ വിവേചനം

അമേരിക്കയിൽ നീഗ്രോകൾ അഥവാ ആഫ്രോ-അമേരിക്കക്കാർ സഹിച്ചതും ഇന്നും സഹിച്ചുകൊണ്ടിരിക്കുന്നതുമായ വർണവിവേചനവും സാമൂഹികനീതി നിഷേധവും ഒബാമയെ ദുഃഖിപ്പിക്കുന്നു. കത്രീന കൊടുങ്കാറ്റ് നാമാവശേഷമാക്കിയ ന്യൂ ഓർലിയൻസിലെ ആഫ്രോ-അമേരിക്കക്കാരുടെ ദാരുണാനുഭവം ഏറ്റവും നല്ല ഉദാഹരണമാണ്. അവിടം സന്ദർശിച്ച അദ്ദേഹം പറഞ്ഞു: "ഏത് അമേരിക്കൻ നഗരത്തിലെയും നഗരാന്തര പരിസരങ്ങളിൽ കാണുന്ന അതേ മുഖങ്ങൾ- കടുത്ത ദാരിദ്ര്യത്തിന്റെ മുഖങ്ങൾ, ജോലി രഹിതർ, രോഗികൾ, അവശർ, വയോവൃദ്ധർ..." ന്യൂ ഓർലിയൻസിൽ നിന്ന് കറുത്ത വർഗക്കാരെ നാമാവശേഷമാക്കാനുള്ള ഒരു സന്ദർഭമായി ദുരന്തത്തെ ഉപയോഗപ്പെടുത്തി എന്നു വരെ അവിടത്തെ യുവാക്കൾ രോഷം കൊണ്ടു.

'കൊടുങ്കാറ്റിന് മുമ്പുതന്നെ ഞങ്ങൾക്കൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ അതിനേക്കാളും ഇല്ലായ്മയിലായി'-ഒരു സ്ത്രീ പറഞ്ഞു.

വർണവിവേചനം ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടാനും മറുഭാഗത്ത് ദാരിദ്ര്യം നിത്യ ശാപമാവാനും കാരണമായി. കറുത്ത വർഗക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. അതിനാലവർ താഴ്ന്ന ജോലികളെടുത്തു ജീവിക്കേണ്ടിവരുന്നു. ഒബാമ ഒരിക്കൽ ഇന്റർനെറ്റിലെ ഏറ്റവും വലിയ 'സർച്ച് എഞ്ചിനാ'യ ഗൂഗിളിന്റെ ഓഫീസ് സന്ദർശിച്ചു.

ഒരു കാര്യം ഒബാമ പ്രത്യേകം ശ്രദ്ധിച്ചു. യൂനിവേഴ്സിറ്റി ബിരുദധാരികളായ ഒട്ടനേകം യുവാക്കൾ അവിടെ ജോലി ഇന്റർവ്യൂവിനായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവരിൽ ഒരൊറ്റ കറുത്ത വർഗക്കാരനോ ലാറ്റിനോ ഉണ്ടായിരുന്നില്ല. ഒബാമ അതിന്റെ കാരണം അന്വേഷിച്ചപ്പോൾ ഗൂഗിൾ മേധാവികളുടെ മറുപടി ഇതായിരുന്നു: "ഇതൊരു പ്രശ്നമാണെന്ന് ഞങ്ങൾക്കറിയാം. സ്കോളർഷിപ്പ് നൽകി ന്യൂനപക്ഷങ്ങളുടെയും ഗണിത ശാസ്ത്ര വിദ്യാർഥികളുടെയും എണ്ണം വർധിപ്പിക്കാൻ ഗൂഗിൾ ശ്രമിക്കുന്നുണ്ട്. അതേയവസരം ഗൂഗിളിന് മറ്റു കമ്പനികളോട് മത്സരിച്ചു നിൽക്കേണ്ടതുണ്ട്. അപ്പോൾ എം.ഐ.ടി, കാൽടക് സ്റ്റാൻ ഫോർഡ്, ബർക്‌ലി തുടങ്ങി ഗണിതത്തിലും എഞ്ചിനീയറിംഗിലും കമ്പ്യൂട്ടർ സയൻസിലും ഉന്നത നിലവാരം നിലനിർത്തുന്ന യൂനിവേഴ്സിറ്റികളിൽനിന്നു ബിരുദം നേടി പുറത്തുവരുന്നവരെയാണ് ജോലിക്കെടുക്കേണ്ടിവരിക. അത്തരം യൂനിവേഴ്സിറ്റികളിലാകട്ടെ കറുത്തവരോ ലാറ്റിനോ ആയ വിദ്യാർഥികൾ അപൂർവം".

ഇത് വായിച്ചപ്പോൾ സച്ചാർ കമീഷൻ റിപ്പോർട്ട് ഓർമ വന്നു. ഈ വശത്ത് അമേരിക്കയിലെ ആഫ്രോ-അമേരിക്കൻ ന്യൂനപക്ഷവും ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷവും അഭിമുഖീകരിക്കുന്ന പ്രശ്നം ഒന്നുതന്നെ. ദീർഘകാലത്തെ അവഗണനയുടെയും വിവേചനത്തിന്റെയും ഫലമായി രണ്ടിടത്തെയും ന്യൂനപക്ഷങ്ങൾ വിദ്യാഭ്യാസപരമായി താഴേതട്ടിൽ നിലകൊള്ളുന്നു. താഴേതട്ടിൽ നിൽക്കുന്ന അമേരിക്കക്കാരെ എങ്ങനെ ഉയർത്തിക്കൊണ്ടുവരാമെന്നതാണ് ഒബാമയെ അലട്ടുന്ന ഒരു ചിന്ത. മറ്റു ആഫ്രോ-അമേരിക്കൻ നേതാക്കളെപ്പോലെയല്ല ഒബാമ. കറുത്തവരുടെ അടിമത്ത പാരമ്പര്യത്തിന്റെ ഉപോൽപന്നമായ വെള്ളക്കാരോടുള്ള വിദ്വേഷം അദ്ദേഹത്തിനില്ല എന്നതാണത്. ഇത് വെള്ളക്കാർക്കിടയിലും അദ്ദേഹത്തെ സ്വീകാര്യനാക്കുന്നു. ഒബാമ പ്രഖ്യാപിച്ചു: "ആഫ്രോ-അമേരിക്ക, വെള്ള അമേരിക്ക എന്നൊന്നില്ല. അമേരിക്ക ഒന്നേയുള്ളൂ. വർണ-വർഗ-മത ഭേദമെന്യേ എല്ലാവർക്കുമായുള്ള ഒറ്റ അമേരിക്ക."

## ഒബാമയുടെ മുസ്‌ലിം വേരുകൾ

തെരഞ്ഞെടുപ്പുരംഗം ചൂടാവും മുമ്പുതന്നെ ഒബാമ മുസ്‌ലിമാണെന്ന് വരുത്തിത്തീർത്ത് വോട്ടർമാരെ ആശയക്കുഴപ്പത്തിലാക്കാൻ അമേരിക്കൻ ടി.വി ചാനലായ *ഫാക്സ്* ശ്രമിച്ചിരുന്നു. അദ്ദേഹം ഇന്തോനേഷ്യയിൽ ഒരു മദ്റസയിൽ പഠിച്ചിരുന്നെന്നും ആയതിനാൽ അദ്ദേഹം മുസ്‌ലിമാണെന്നുമായിരുന്നു *ഫാക്സി*ന്റെ കണ്ടുപിടിത്തം. ഒബാമ അതിന് ചുട്ട മറുപടി കൊടുത്തു:

'കഴിഞ്ഞ ആഴ്ചകളിൽ എന്റെ കുടുംബത്തിന്റെ മുസ്‌ലിം ചരിത്രത്തെക്കുറിച്ച് ധാരാളം ചർച്ച നടന്നിട്ടുണ്ട്. പറയപ്പെട്ട ചില കാര്യങ്ങൾ സത്യമാണ്. പലതും അസത്യവും. ഈ വിഷയകമായ തെറ്റുധാരണകൾ നീക്കാനാണ് ഞാനീ കത്തെഴുതുന്നത്.

കെനിയൻ മുസ്‌ലിംകളിൽ പൊതുവായ ഒരു വേര് എനിക്കുണ്ട് എന്നത് ശരിയാണ്. എന്റെ പിതാവ് കെനിയക്കാരനാണ്. എന്റെ മധ്യനാമം ഹുസൈൻ എന്നാണ്. ബറാക്കിന്റെ അർഥം അനുഗ്രഹമെന്നാണ്. ഹുസൈൻ എന്നത് ഹുസ്ൻ (സൗന്ദര്യം) എന്ന പദത്തിന്റെ പുല്ലിംഗ രൂപമാണ്.

ദൈവത്തിന്റെ അനുഗ്രഹം, അവൻ സൃഷ്ടിക്കുന്ന സൗന്ദര്യം എന്നീ വിഭാവനകളിൽ തെറ്റില്ലെങ്കിൽ ഈ പേരുകൾക്കുള്ള പ്രശ്നമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ഇറാഖിലെ മുൻ ഏകാധിപതിയോട് സദൃശമായ പേരോടു കൂടിയ ഒരു പ്രസിഡന്റ് ഉണ്ടാവുന്നത് ഒരു പ്രശ്നമാവില്ലേ, ചിലർ ചോദിക്കുന്നു.

ഇല്ല എന്നാണെന്റെ മറുപടി. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൻ കീഴിൽ ജനിച്ച വിചിത്രമായ പേരോടു കൂടിയ ഒരു ആഫ്രിക്കക്കാരന്റെ മകൻ ഇപ്പോൾ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള പ്രമുഖ മത്സരാർഥികളിൽ ഒരാളായിരിക്കുന്നു എന്നത് അമേരിക്കയുടെ ശക്തിയും സൗന്ദര്യവുമാണ്. എന്റെ പിതാവ് മുസ്‌ലിമായിരുന്നു. എന്റെ പിതാവിനോടും അദ്ദേഹത്തിന്റെ കുടുംബത്തോടും എനിക്ക് താൽപര്യമുണ്ടായിരുന്നു.

എന്റെ മാതാവ് ഒരിന്തോനേഷ്യൻ മുസ്‌ലിമുമായി വിവാഹത്തിലേർപ്പെട്ടപ്പോൾ ആ താൽപര്യം കൂടുതൽ വർധിച്ചു. ചെറുകുട്ടിയായിരുന്നപ്പോൾ ഞാൻ ഇന്തോനേഷ്യയിൽ ജീവിക്കുകയും മുസ്‌ലിം വിദ്യാർഥികളുടെ കൂടെ സ്കൂളിൽ പോവുകയും ചെയ്തിട്ടുണ്ട്. അവരുടെ മാതാപിതാക്കൾ കൃത്യമായി നമസ്കരിക്കുന്നത് ഞാൻ കണ്ടു. മാതാക്കൾ ഹിജാബ് ധരിച്ചിരുന്നു. റമദാൻ കാലത്തും ഈദ് ആഘോഷങ്ങളിലും സ്കൂളന്തരീക്ഷം പൂർണമായി മാറും.

എന്റെ മാതാവിനെ വിവാഹം കഴിച്ച മനുഷ്യൻ വലിയ മത തൽപരനായിരുന്നില്ല. എങ്കിലും ചിലപ്പോഴൊക്കെ പള്ളിയിൽ പോവും. വ്യത്യസ്ത ഭാഷകളിലുള്ള ഖുർആൻ കോപ്പികൾ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നു- പ്രവാചകൻ മുഹമ്മദിന്റെ ചരിത്രവും വചനങ്ങളുമുൾക്കൊള്ളുന്ന പുസ്തകങ്ങളും.

ചിലപ്പോഴൊക്കെ ചില ഇസ്‌ലാമിക വാക്യങ്ങൾ അദ്ദേഹമുദ്ധരിക്കും. ഉദാ: 'തനിക്കാഗ്രഹിക്കുന്നത് തന്റെ സഹോദരനും ആഗ്രഹിക്കാത്ത ഒരാളും യഥാർഥ സത്യവിശ്വാസി ആവുകയില്ല', 'മർദനം കൊലയേക്കാൾ ചീത്തയാണ്', 'എല്ലാ മനുഷ്യരും സമന്മാരാണ്. നമ്മുടെ കർമങ്ങളനുസരിച്ചാണ് വ്യത്യാസം'.

എന്റെ മാതാവിന്റെയും അവരുടെ മാതാപിതാക്കളുടെയും ഒപ്പം ഹവാനയിൽ വളർന്നു വന്നപ്പോൾ ഇസ്‌ലാം എന്റെ മനസ്സിൽനിന്ന് മിക്കവാറും അപ്രത്യക്ഷമായി. എന്റെ മാതാവ് എന്നിൽ മാനുഷികമൂല്യങ്ങൾ നട്ടുവളർത്തി. മതം പഠിപ്പിക്കുന്ന ഒരു വീട്ടിലല്ല ഞാൻ വളർന്നത്.

കൊളമ്പിയ യൂനിവേഴ്സിറ്റിയിലും ഹാവാർഡ് ലോ സ്കൂളിലും പഠിക്കുന്ന കാലത്താണ് ഞാൻ മുസ്‌ലിംകളുമായി പിന്നീട് ഇടപഴകുന്നത്. ആ രണ്ട് സ്കൂളുകളിലും ധാരാളം മുസ്‌ലിംവിദ്യാർഥികളുണ്ടായിരുന്നു. അവരിൽ ചിലർ എന്റെ സ്നേഹിതരായിരുന്നു. നമ്മുടെ രാഷ്ട്രമിപ്പോൾ ശാത്രവം പുലർത്തുന്നവയാണ് അവരിൽ ചിലരുടെ നാടുകൾ.

ഇന്തോനേഷ്യയിലെ എന്റെ ബാല്യകാല ജീവിതം അവരെ അറിയാനും അവരിൽനിന്ന് പഠിക്കാനും എനിക്ക് സഹായകമായി. എന്നെ സംബന്ധിച്ചേടത്തോളം അപരിചിതരുടെ കൂട്ടമായി വീക്ഷിക്കപ്പെടേണ്ടവരല്ല മുസ്‌ലിംകൾ.

ഒരു സംഘാടകനെന്ന നിലക്കുള്ള എന്റെ ജോലി സമയത്തും പിന്നീട് എന്റെ ആദ്യകാല രാഷ്ട്രീയ പ്രവർത്തന സമയത്തും എണ്ണമറ്റ മുസ്‌ലിംകളുമായി ഞാൻ സന്ധിക്കുകയുണ്ടായി. അവരുടെ വീട്ടിൽ ഞാൻ ഭക്ഷണം കഴിച്ചു; അവരുടെ കുട്ടികളുമായി കളിച്ചു; സ്നേഹിതന്മാരും സമന്മാരുമായി അവരെ ഞാൻ കണ്ടു, അവരുടെ ഉപദേശം ഞാൻ സ്വീകരിച്ചു.

ആയതിനാൽ സെപ്റ്റംബർ പതിനൊന്നിലെ ഭീകരാക്രമണങ്ങളുണ്ടായപ്പോൾ മറ്റു അമേരിക്കക്കാരെപ്പോലെ എന്നെയും അത് അഗാധമായി വേദനിപ്പിച്ചു. ഈ ഭീകരാക്രമണത്തിന്റെ ബലിയാടുകൾക്ക് നീതി ലഭിക്കണമെന്ന് ഞാനാഗ്രഹിച്ചു. പക്ഷേ മുഴുവൻ മുസ്‌ലിംകളെയോ ഇസ്‌ലാം മതത്തെയോ അതിന്റെ പേരിൽ ഞാനാക്ഷേപിച്ചില്ല.

എന്റെ അനുഭവത്തിലൂടെ ബഹുഭൂരിഭാഗം മുസ്‌ലിംകളുടെ സ്വഭാവമെനിക്കറിയാം. അമേരിക്കക്ക് അവർ നൽകാവുന്ന മൂല്യം എന്തെന്നും.

മുസ്‌ലിംകളെ വ്യക്തിപരമായി പരിചയമില്ലാത്ത പലരും ഏതാനും പേരുടെ ചെയ്തികളുടെ പേരിൽ മതത്തെ മുഴുവൻ കുറ്റപ്പെടുത്തി. ഇത് വിഡ്ഢിത്തവും വിവേകരാഹിത്യവുമാണെന്ന് എന്റെ അനുഭവം എന്നെ പഠിപ്പിച്ചു. എന്റെ പിതാവിന്റെ മാതൃരാജ്യം സന്ദർശിക്കാനും ഉമ്മാമയടക്കമുള്ള എന്റെ ബന്ധുക്കളെ കാണാനുമുള്ള സന്ദർഭം ഈയിടെ എനിക്ക് ലഭിക്കുകയുണ്ടായി.

ഇവിടെ അമേരിക്കൻ ജനങ്ങളാഗ്രഹിക്കുന്ന അതേ കാര്യങ്ങളാണവർക്കും വേണ്ടതെന്ന് എനിക്ക് ബോധ്യമായി. അവർ കഠിനമായി അധ്വാനിക്കുന്നു. അവരുടെ സന്താനങ്ങൾക്ക് കൂടുതൽ നല്ലൊരു അവസ്ഥ ഉണ്ടാകാൻ കഠിനയത്നം ചെയ്യുന്നു. അവർക്ക് വിജയം നേടാനായി ദൈവത്തോട് പ്രാർഥിക്കുന്നു.

ഇതാണ് അമേരിക്കൻ പ്രസിഡന്റ് ഓഫീസിലേക്ക് ഞാൻ കൊണ്ടുവരിക. അനുഭവ പരിചയത്തിന്റെ അടിസ്ഥാനത്തിൽ ആദരവോടെ ഞാൻ മുസ്‌ലിംകളെ അഭിമുഖീകരിക്കും. നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ ഈ സന്ദർഭത്തിൽ അതാണല്ലോ ഏറ്റവും ആവശ്യമായത്!'

*** *** ***

സഹൃദയനും പരോപകാരതൽപരനും ഗുണകാംക്ഷിയുമായ ഒരു മനുഷ്യനെന്ന നിലക്കും മഹാമനസ്കനും ദീർഘദൃക്കുമായ ഒരു രാഷ്ട്രീയ നേതാവെന്ന നിലക്കും മറ്റാരേക്കാളും പ്രസിഡന്റ് സ്ഥാനത്തിന് അർഹനാണ് ഒബാമ. അദ്ദേഹത്തിന്റെ വിജയം അമേരിക്കക്കും ലോകത്തിനും നേട്ടമായിരിക്കും. അദ്ദേഹത്തിന്റെ പരാജയം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തിരോധാനം (മാർട്ടിൻ ലൂഥർ കിംഗിനെ പോലെയോ മറ്റോ) അമേരിക്കക്കും ലോകത്തിനും നഷ്ടവുമായിരിക്കും. ■

ibrahimtk@yahoo.ca